MONDAY 15-11-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -15/11/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ അപേക്ഷിക്കേണ്ടതാണ്. നിലവിലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് **12/10/2021 മുതൽ 30/10/2021** വരെയുള്ള ദിവസങ്ങളിൽ കൃഷിനാശമുണ്ടായ കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും നഷ്ടപരിഹാരത്തിന് ഇന്ന് (15/11/2021) വരെ അപേക്ഷിക്കാവുന്നതാണ്.

2. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ ഈ മാസം 19 (19/11/2021) വരെ പച്ചക്കറികൾ പൊതു വിപണിയേക്കാൾ 25% വരെ വിലക്കുറവിൽ ലഭ്യമാകും. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ വേങ്ങേരി, ചേവരമ്പലം, കക്കോടി, എലതതൂർ അത്തോളി, പൂക്കാട്, കൊയിലാണ്ടി, തോടന്നൂർ, വില്യാപ്പള്ളി, ആയഞ്ചേരി, ഓർക്കാട്ടേരി, തണ്ണീർപന്തൽ, മൊകേരി സ്റ്റാളുകളിൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണെന്ന് ഹോർട്ടികോർപ്പ് ജില്ലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8075204894, 8714144834** എന്നീ കസ്റ്റമർ കെയർ നമ്പറുമായി ബന്ധപ്പെടുക.

3. സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമായ, വാക്സിനേഷനുകളും വിരമരുന്നു നൽകിയതും, ഉൽപാദനക്ഷമതയുള്ളളതുമായ ഗ്രാമപ്രിയ മുട്ടക്കോഴികുഞ്ഞുങ്ങൾ 120 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0474 2663599** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ **സംയോജിത**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**വിളവെടുപ്പാനന്തര പരിപാലനം** എന്ന ഘടകത്തിന്റെ ഭാഗമായി പായ്ക്ക്ഹൗസുകൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ശീതീകരണമുറി, മൊബൈൽ ശീതീകരണശാല, റീഫർ വാനുകൾ, റൈപ്പനിംഗ് ചേംബർ, പ്രോസസ്സിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യനിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, 25 അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുണ്ടായിരിക്കും. സമതല പ്രദേശങ്ങളിലെ ധനസഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോരപ്രദേശങ്ങൾക്ക് 15 ശതമാനം അധിക ധനസഹായവും അനുവദിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **മുട്ട കോഴി കുഞ്ഞുങ്ങളുടെ വിരിയിക്കൽ പ്രക്രിയയും തുടർ പരിചരണവും** എന്ന വിഷയത്തിൽ **നവംബർ 16** നും **മുട്ടക്കോഴികളുടെ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും** എന്ന വിഷയത്തിൽ നവംബർ **26** നും 10 മുതൽ തെള്ളിയൂർ പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പരിശീലനത്തിൽ പങ്കെടുക്കുന്നതിന് താൽപര്യപ്പെടുന്നവരും ഇന്ന് (**നവംബർ 15**) ന് 4 മണിക്ക് മുമ്പായി **8078572094** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ പരിശീലനം നടത്തുന്നു. നവംബർ 24 മുതൽ 26 വരെ കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വച്ചു നടക്കുന്ന പരിശീലനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 2353201** എന്ന വാട്ട്സ് ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഓഫീസുമായി ബന്ധപ്പെടേണ്ട ഇ-മെയിൽ: training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

7. കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും ചെമ്മലമറ്റം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ ഈ മാസം 16-ന് രാവിലെ 10 മണി മുതൽ പാൽ ഗുണനിയന്ത്രണ ബോധവൽക്കരണ പരിപാടി നടത്തുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമുള്ള ശാസ്ത്രീയ വശങ്ങളെ കുറിച്ച് ക്ഷീര വികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ ഈ പരിപാടിയിൽ ബോധവത്ക്കരണം നടത്തുന്നു.

## കാർഷിക നിർദ്ദേശങ്ങൾ

8. മാവ് പൂത്ത് തുടങ്ങുന്ന സമയമാണിത്. പൂങ്കുലയിൽ നിന്നും ഇളം തണ്ടിൽ നിന്നും നിരൂറ്റി കുടിക്കുന്ന തുള്ളൻ പ്രാണികളുടെ ആക്രമണത്തിൽ പൂങ്കുലകൾ കരിയുന്നതിനും കണ്ണിമാങ്ങ ക്രമാതീതമായി പൊഴിയുന്നതിനും സാധ്യതയുണ്ട്. ഇതിനെതിരെ മാലത്തിയോൺ 2 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി 20 ഗ്രാം പഞ്ചസാര ചേർത്ത് തളിക്കേണ്ടതാണ്. മാവ് പൂത്ത് കായ് പാടിച്ചു തുടങ്ങുമ്പോൾ മുതൽ **മീഥൈൽ യൂജിനോൾ** അടങ്ങിയ കായീച്ചക്കെണി വയ്ക്കുക. ഈ കെണി ഉപയോഗിച്ച് ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/തുളസിയില തുടങ്ങിയയവ ഉപയൊഗിച്ചുള്ള ചിരട്ട കെണികളും കെട്ടിത്തൂക്കുന്നത് കൂടുതൽ ഗുണം ചെയ്യും. ഒരേക്കർ മാവിൻ തോട്ടത്തിന് 5 അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. ഒരു സീസൺ (3 -4 മാസം) മുഴുവൻ ഈ കായീച്ചക്കെണി ഫലപ്രദമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370773** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.